"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്- മലപ്പുറം വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിൽ നിന്നും ഹെഡ് ക്ലർക്ക് തസ്തിക പത്തനംതിട്ട വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിലേയ്ക്ക് താൽക്കാലികമായി മാറ്റുന്നതിനുള്ള അനുമതി നൽകിയ ബോർഡ് യോഗ തീരുമാനത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.620/2025/LBR തീയതി,തിരുവനന്തപുരം, 20-05-2025

---

പരാമർശം:- 1. 10/04/2025-ലെ 695ാം ബോർഡ് യോഗതീരുമാനം.

2. ചീഫ് വെൽഫെയർഫണ്ട് ഇൻസ്പെക്ടറുടെ 30.04.2025-ലെ KTWWFB/75!2025-A1 നമ്പർ കത്ത്.

**ഉത്തരവ്**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പത്തനംതിട്ട വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിൽ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ തസ്തിക ഒഴിവാണെന്നും അധികചുമതല വഹിക്കുന്നത് കൊല്ലം വെൽഫയർ ഫണ്ട് ഇൻസ്പെക്ടറാണെന്നും ടി ഓഫീസിലെ ജൂനിയർ സൂപ്രണ്ട് വൃക്ക സംബന്ധമായി ചികിത്സയിലായതിനാൽ എല്ലാ ദിവസവും ഓഫീസിൽ ഹാജരാകുവാൻ കഴിയുന്നില്ലെന്നും പത്തനംതിട്ട ജില്ല ഓഫീസിന്റെ പ്രവർത്തനങ്ങൾ സുഗമമമായി നടക്കാത്ത സാഹചര്യമായതിനാൽ മലപ്പുറം വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിൽ നിന്നും ഹെഡ് ക്ലർക്ക് തസ്തിക പത്തനംതിട്ട വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിലേയ്ക്ക് താൽക്കാലികമായി മാറ്റുന്നതിന് സർക്കാർ അനുമതി ആവശ്യപ്പെടുന്നതിന് പരാമർശം (1) ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ മലപ്പുറം വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിൽ നിന്നും ഹെഡ് ക്ലർക്ക് തസ്തിക പത്തനംതിട്ട വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിലേയ്ക്ക് താൽക്കാലികമായി മാറ്റുന്നതിനുള്ള ബോർഡ് യോഗ തീരുമാനത്തിന് അനുമതി നൽകണമെന്ന് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ പരാമർശം (2) പ്രകാരം ആഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. പത്തനംതിട്ട ജില്ല ഓഫീസിന്റെ സുഗമമമായ പ്രവർത്തനങ്ങൾക്കായി, മലപ്പുറം വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിൽ നിന്നും ഹെഡ് ക്ലർക്ക് തസ്തിക, പത്തനംതിട്ട വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ഓഫീസിലേയ്ക്ക് താൽക്കാലികമായി മാറ്റുന്നതിനുള്ള അനുമതി നൽകിയ പരാമർശം (1) ബോർഡ് യോഗ തീരുമാനത്തിന് അംഗീകാരം നൽകി ഉത്തരവാകുന്നു. പ്രസ്തുത ക്രമീകരണം മൂലം മലപ്പുറം ജില്ലാ ഓഫീസിന്റെ പ്രവർത്തനങ്ങൾക്ക് യാതൊരു തടസ്സവും ഉണ്ടാകുന്നില്ല എന്ന കാര്യം ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റെറ്റി പി തോമസ്

അണ്ടർ സെക്രട്ടറി

ചീഫ് വെൽഫെയർഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഡയറക്ടർ, , വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ വിഭാഗം)വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abhilash S S
Date: 20-05-2025 18:08:40

സെക്ഷൻ ഓഫീസർ

പകർപ്പ്:-

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി-ക്ക്

തൊഴിൽ വകുപ്പ് സെക്രട്ടറിയുടെ പി.എ.-ക്ക്.